## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 826 — 30.11.2018-ൽ മറുപടിക്ക്

### ആറളം മേഖലയിലെ ഭൂമി വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആറളം ആദിവാസി പുനരധിവാസ മേഖലയിലെ ഭൂമി വിതരണത്തിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | എ) | ആറളം ആദിവാസി പുനരധിവാസ മേഖലയിൽ ഭൂമി വിതരണത്തിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് 41/2002/പജ.പവ.വിവ തീയതി, 20.07.2002 പ്രകാര മാണ് സ്വീകരിക്കുന്നത്. പ്രസ്തുത ഉത്തരവ് അനുബന്ധ മായി ചേർക്കുന്നു. |
| ബി) | ഭൂരഹിതരായ എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട്; | ബി) | ആറളം പുനരധിവാസ മേഖലയിൽ ആകെ 4059 ഏക്കർ ഭൂമിയാണ് പുനരധിവാസത്തിനായി ഉള്ളത്. ഇതിൽ വിതരണത്തിന് അനുയോജ്യമായ 3400 ഏക്കർ ഭൂമിയാണുള്ളത്. 3375 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിക്കഴിഞ്ഞു. നിലവിൽ 1600 കുടുംബങ്ങൾ മാത്ര മാണ് മേഖലയിൽ താമസിച്ചുവരുന്നത്. 1814 പ്ലോട്ടു കളിൽ ആരും താമസിക്കുന്നില്ല. പട്ടയം നൽകിയിട്ടും താമസിക്കാത്ത ആദിവാസികൾക്ക് നോട്ടീസ് നൽകി യിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി വിതരണം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 30.11.2018 വരെയാണ്. അവസാന തീയതിക്ക് ശേഷം മാത്രമേ അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |
| സി) | പുതുതായി എത്രപേർക്ക് സ്ഥലം, വീട് എന്നിവ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | സി) | പുതുതായി ഭൂമി നൽകുവാനായി നിലവിൽ അപേക്ഷ സ്വീകരിച്ച് വരുന്നതേയുള്ളൂ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 30.11.2018 വരെയാണ്. അവസാന തീയതിക്ക് ശേഷം മാത്രമേ അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

**പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്—ആദിവാസി പുനരധിവാസ വികസന മിഷൻ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു**

## പട്ടികജാതി/പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ.(പി). നമ്പർ 41/2002/പ.ജ.പ.വ.വി.വ. തിരുവനന്തപുരം, 2002 ജൂലായ് 20.

വായന:—(1) ജി.ഒ.(പി) നമ്പർ 63/01/പ.ജ.പ.വ.വി.വ. തീയതി 9-11-2001.

### ഉത്തരവ്

സംസ്ഥാനത്തെ ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി ലഭ്യമാവുന്ന സ്ഥലങ്ങളിൽ പരമാവധി 5 ഏക്കർവരേയും ഭൂമി നൽകുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പതിച്ചുനൽകാൻ കണ്ടെത്തുന്ന ഓരോ ഭൂമിയും പതിച്ച് ലഭിക്കുവാൻ അർഹതപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങളിൽ നിന്നും അതാത് പ്രദേശത്തെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ അപേക്ഷകൾ സ്വീകരിച്ച് ജില്ലാ മിഷന് സമർപ്പിക്കുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടും അപേക്ഷിക്കാവുന്നതാണ്. ഇതിനായി അപേക്ഷാഫാറങ്ങൾ അച്ചടിച്ച് ടി.ഇ.ഒ. ആഫീസുകൾ, ഗ്രാമ പഞ്ചായത്ത് ആഫീസുകൾ, വില്ലേജ് ആഫീസുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്നതാണ്.
2. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ കരട് ലിസ്റ്റ് തയ്യാറാക്കി ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതാണ്.
3. ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന കരട് ലിസ്റ്റ് ജില്ലാതല ജനകീയ കമ്മിറ്റിയുടെയും ഊരുകൂട്ടങ്ങളുടെയും പരിശോധനയ്ക്കും, ശുപാർശയ്ക്കും നൽകുന്നതാണ്.
4. ജനകീയ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും;

| | | |
|---|---|---|
| (1) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | (അദ്ധ്യക്ഷൻ) |
| (2) | ജില്ലയിലെ എല്ലാ എം.പി.മാരും, എം.എൽ.എ. മാരും | അംഗങ്ങൾ |
| (3) | ആദിവാസി കുടുംബങ്ങൾ ഇപ്പോൾ താമസമുള്ള എല്ലാ ഗ്രാമ-പഞ്ചായത്തുകളിലെയും പ്രസിഡന്റുമാർ | അംഗങ്ങൾ |

GCPT. 3/2761/2002/DTP.

| | | |
|---|---|---|
| (4) | ഗ്രാമ-ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ ആദിവാസി വിഭാഗത്തിലെ എല്ലാ ജനപ്രതിനിധികളും | അംഗങ്ങൾ |
| (5) | ബന്ധപ്പെട്ട എല്ലാ താലൂക്ക് തഹസീൽദാർമാരും | അംഗങ്ങൾ |
| (6) | കിർത്താർഡ്സിന്റെ പ്രതിനിധി | അംഗം |
| (7) | ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ആഫീസർമാർ | കൺവീനർ |

ജില്ലാ കളക്ടർമാർ മേൽ ഘടനയോടുകൂടിയ ജില്ലാ ജനകീയ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

5. ജനകീയ കമ്മിറ്റികളുടെ ശുപാർശകളും ഊരുകൂട്ടങ്ങളുടെ അഭിപ്രായങ്ങളും, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന ആക്ഷേപങ്ങളും പരിഗണിച്ച് ജില്ലാ മിഷൻ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

6. ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്നീ ക്രമത്തിലാണ് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്.

ഇപ്രകാരം കുറ്റമറ്റരീതിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയശേഷം ജില്ലാമിഷൻ ഭൂമി പതിച്ചുനൽകുന്നതാണ്. ലഭ്യമായ പ്ലോട്ടുകളേക്കാൾ ഭൂരഹിതരുടെ എണ്ണം കൂടുതലാണെങ്കിൽ ഗുണഭോക്താക്കളെ ചീട്ടിട്ട് തെരഞ്ഞെടുക്കേണ്ടതാണ്. സ്ഥലം തീരെ കുറവാണെങ്കിൽ ഒരേക്കറിൽ താഴെയുള്ള പ്ലോട്ടുകളും വിതരണം ചെയ്യുവാൻ ജില്ലാമിഷന് തീരുമാനിക്കാവുന്നതാണ്.

7. ഇതിനാവശ്യമായ അപേക്ഷാഫാറങ്ങൾ അച്ചടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്,
സെക്രട്ടറി,
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.

ആദിവാസി പുനരധിവാസ വികസനമിഷൻ, തിരുവനന്തപുരം
ആദിവാസി പുനരധിവാസ വികസനമിഷൻ മെമ്പർമാർക്ക്
എല്ലാ പ്രിൻസിപ്പൽ/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുതലവൻമാർക്കും
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖകത്ത് മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
ലാൻഡ്-റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
ഡയറക്ടർ, ട്രഷറി വകുപ്പ്
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

---

സെക്ഷൻ ഓഫീസർ